ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:23.03.2025**

## പ്രധാനവാർത്തകൾ

1. രാജ്യത്ത് പട്ടിക ജാതി- പട്ടിക വർഗ വികസനത്തിൽ നടപ്പാക്കി വരുന്ന നിരവധി കാര്യങ്ങൾ തുടരണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.

2. സംസ്ഥാനത്തെ ലഹരി വ്യാപനം തടയുന്നതിനുള്ള നടപടികൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻറെ നേതൃത്വത്തിൽ നാളെ തിരുവനന്തപുരത്ത് ഉന്നതതല യോഗം ചേരും.

3. സാമൂഹ്യസുരക്ഷ പെൻഷൻ വിതരണത്തിന് 817 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ.എൻ.ബാലഗോപാൽ. 62 ലക്ഷത്തോളം ക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്ക്, വ്യാഴാഴ്ച മുതൽ തുക ലഭിക്കും.

4. ഫിറ്റ് ഇന്ത്യ പരിപാടി വിജയിപ്പിക്കാൻ വ്യായാമവും സൈക്ലിങ്ങും ജീവിതത്തിൻറെ ഭാഗമാക്കണമെന്ന് കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യ.

5. കാലാവസ്ഥാ വെല്ലുവിളികളെ കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയെന്ന ലക്ഷ്യവുമായി ഇന്ന് ലോക കാലാവസ്ഥാ ദിനം.

RNU TVPM

6. **സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഇന്ന് ഇടിന്നമിലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യത. ആലപ്പുഴ ജില്ലയിൽ കനത്ത നാശം വിതച്ച് വേനൽമഴ.**

*******************************************************

## HEADLINE - 1

**ഗവർണർ**

രാജ്യത്ത് പട്ടിക ജാതി- പട്ടിക വർഗ വികസനത്തിൽ നടപ്പാക്കി വരുന്ന നിരവധി കാര്യങ്ങൾ തുടരണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. തിരുവനന്തപുരത്ത് രാജീവ് ഗാന്ധി സെൻറർ ഫോർ ടെക്നോളജി സംഘടിപ്പിച്ച ദളിത് പ്രോഗ്രസ് കോൺക്ലേവ് പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഡോ. ബി.ആർ.അംബേദ്കറിൻ്റെ ജീവിതം നമുക്ക് വഴികാട്ടിയാണ്. സമൂഹത്തിൽ പിന്നാക്ക വിഭാഗങ്ങളിൽ തുടരുന്നവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കേണ്ടത് ഓരോരുത്തരുടേയും ഉത്തരവാദിത്തമാണെന്നും ഗവർണർ പറഞ്ഞു.

*******************************************************

## HEADLINE - 2

**ലഹരിവ്യാപനം – മുഖ്യമന്ത്രി**

സംസ്ഥാനത്തെ ലഹരി വ്യാപനം തടയുന്നതിനുള്ള പുതിയ പദ്ധതികൾ തീരുമാനിക്കുന്നതിനായി മുഖ്യമന്ത്രി പിണറായി വിജയൻ്റെ നേതൃത്വത്തിൽ നാളെ തിരുവനന്തപുരത്ത് ഉന്നതതല യോഗം ചേരും. നിയമസഭാ ചേമ്പറിൽ രാവിലെ 11.30 നാണ് യോഗം. മന്ത്രിമാരും പൊലീസ്-എക്സൈസ് ഉന്നത ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുക്കും. ലഹരി വ്യാപനത്തിനെതിരെ ഇതുവരെ സ്വീകരിച്ച നടപടികളും യോഗത്തിൽ വിലയിരുത്തും.

*******************************************************

RNU TVPM

## കോഴിക്കോട് - ലഹരി (ഇൻട്രോ)

കോഴിക്കോട് ജില്ലയിൽ ലഹരിമരുന്ന് വ്യാപകമായ 47 ഹോട്ട് സ്പോട്ടുകൾ എക്സൈസ് വകുപ്പ് കണ്ടെത്തി. സ്ഥിരമായി ലഹരി ഇടപാടുകൾ നടക്കുന്ന താമരശ്ശേരി റേഞ്ചാണ് പ്രധാന ഹോട്ട്സ്പോട്ട്.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് പ്രതിനിധി നസീർ ബാബു.

**(വോയ്സ്)**

*******************************************************

## ഓപ്പറേഷൻ ഡി ഹണ്ട്

ലഹരിക്കെതിരെ സംസ്ഥാന പോലീസ് ആരംഭിച്ച ഡി-ഹണ്ട് സ്പെഷ്യൽ ഡ്രൈവ് ഒരു മാസം പിന്നിടുന്നു. ഇതുവരെ 70,277 പേരെ പരിശോധനയ്ക്ക് വിധേയമാക്കി. 7,038 കേസുകൾ രജിസ്റ്റർ ചെയ്യതിൽ 7,307 പേരെ അറസ്റ്റ് ചെയ്തു.

*******************************************************

# HEADLINE - 3

## ക്ഷേമ പെൻഷൻ

സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്ക് ഈ മാസത്തെ ഒരു ഗഡു പെൻഷൻ കൂടി അനുവദിച്ചു. ഇതിനായി 817 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ.എൻ.ബാലഗോപാൽ അറിയിച്ചു. 62 ലക്ഷത്തോളം ക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്കാണ് 1,600 രൂപവീതം ലഭിക്കുന്നത്. വ്യാഴാഴ്ച മുതൽ പെൻഷൻ ലഭിച്ചു തുടങ്ങും.

*******************************************************

## ആശമാരുടെ കൂട്ടഉപവാസം

സംസ്ഥാനത്തെ ആശാ വർക്കർമാർ സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തുന്ന അനിശ്ചിതകാല നിരാഹാര സമരം നാലാം ദിവസത്തിലേക്ക് കടന്നു. നിരാഹാരമിരിക്കുന്ന മൂന്ന് പേർക്ക് പിന്തുണയുമായി നാളെ ആശാ പ്രവർത്തകർ സെക്രട്ടേറിയറ്റിന്

RNU TVPM

മുന്നിൽ കൂട്ട ഉപവാസമിരിക്കും. സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ആശാ പ്രവർത്തകർ കൂട്ട ഉപവാസമിരിക്കുമെന്ന് സമരസമിതി അറിയിച്ചു. അതേസമയം, ആശാപ്രവർത്തകരുടെ രാപകൽ സമരം 42-ാം ദിവസത്തിലേക്ക് കടന്നു.

*******************************************************

## HEADLINE - 5

**ലോക കാലാവസ്ഥാ ദിനം (ഇൻട്രോ)**

കാലാവസ്ഥാ വെല്ലുവിളികളെ കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയെന്ന ലക്ഷ്യവുമായി ഇന്ന് ലോക കാലാവസ്ഥാ ദിനം. കാലാവസ്ഥാ മുന്നറിയിപ്പ് സംവിധാനങ്ങളിലെ പരിമിതികൾ ഇല്ലാതാക്കുക എന്നതാണ് ഈ വർഷത്തെ പ്രമേയം. കാലാവസ്ഥാ മുന്നറിയിപ്പ് എല്ലാവർക്കും പ്രാപ്തമാക്കുന്നതിലൂടെ ദുരന്ത ലഘൂകരണം സാധ്യമാക്കാൻ കഴിയുമെന്ന് കുസാറ്റ് കാലാവസ്ഥ ശാസ്ത്ര വിഭാഗത്തിലെ ഡോ.എസ് അഭിലാഷ് ആകാശവാണി വാർത്തകളോട് പറഞ്ഞു.

**(വോയ്സ്)**

*******************************************************

RNU TVPM

**പരിസ്ഥിതിസംഗമം**

ഹരിതകേരളം മിഷൻറെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ദ്വിദിന പരിസ്ഥിതിസംഗമം നാളെ തിരുവനന്തപുരത്ത് നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. **നവകേരളത്തിനായി ജലസുരക്ഷ** സമീപനരേഖയുടെ പ്രകാശനവും അദ്ദേഹം നിർവഹിക്കും. ചടങ്ങിൽ പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ പ്രവർത്തനം കാഴ്ച്ചവെച്ച വകുപ്പുകളെയും സ്ഥാപനങ്ങളെയും ആദരിക്കും.

*******************************************************

## HEADLINE - 4

**ഫിറ്റ് ഇന്ത്യ**

ഫിറ്റ് ഇന്ത്യ പരിപാടി വിജയിപ്പിക്കാൻ വ്യായാമവും സൈക്ലിങ്ങും ജീവിതത്തിൻറെ ഭാഗമാക്കണമെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ. 'ഫിറ്റ് ഇന്ത്യ സൺഡേയ്സ് ഓൺ സൈക്കിൾ' പരിപാടിക്ക് ലഖ്നൗവിൽ നേതൃത്വം നൽകുകയായിരുന്നു അദ്ദേഹം. ആരോഗ്യത്തോടൊപ്പം പരിസ്ഥിതി സംരക്ഷണത്തിനും സൈക്ലിങ് സഹായകമാകുമെന്ന് കേന്ദ്ര മന്ത്രി പറഞ്ഞു.

*************************************************************

**ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉത്പാദനം**

കഴിഞ്ഞ 10 വർഷത്തിനിടെ ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉത്പാദനം ഇരട്ടിയായതായി അന്താരാഷ്ട്ര നാണയ നിധി. ഇക്കാലയളവിൽ ജി ഡി പി യിൽ ഇന്ത്യ 105 ശതമാനം വളർച്ച കൈവരിച്ചതായി ഐ എം എഫിന്റെ കണക്കുകൾ വ്യക്തമാക്കുന്നു. 2015-ൽ 2.1 ട്രില്യൺ ഡോളറായിരുന്ന ജി.ഡി.പി 2025-ൽ 4.3 ട്രില്യൺ ഡോളറായി ഉയർന്ന്, ഇന്ത്യ ലോകത്തിലെ അഞ്ചാമത്തെ വലിയ സാമ്പത്തിക ശക്തിയായി മാറിയതായും അന്താരാഷ്ട്ര നാണയ നിധി വിലയിരുത്തി.

RNUTVPM

*************************************************************

## HEADLINE - 6

**മഴ + ആലപ്പുഴ (ഇൻട്രോ)**

സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഇന്ന് ഇടിന്നമിലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. മലപ്പുറം,വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. അതെസമയം, ആലപ്പുഴയിൽ കഴിഞ്ഞ രണ്ടു ദിവസമായി തുടരുന്ന വേനൽ മഴയിൽ കനത്ത നാശം. വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ.രവികുമാർ.

**(വോയ്സ്)**

*************************************************************

## അഹല്യാ ശങ്കർ - പി.എം

കോഴിക്കോട് ഇന്നലെ അന്തരിച്ച ബിജെപി മുതിർന്ന നേതാവ് അഹല്യാ ശങ്കറിന്റെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അനുശോചിച്ചു. നികത്താനാകാത്ത നഷ്ടമാണ് അഹല്യാ ശങ്കറിന്റെ നിര്യാണം മൂലമുണ്ടായിരിക്കുന്നതെന്ന് അനുശോചന സന്ദേശത്തിൽ പ്രധാനമന്ത്രി പറഞ്ഞു. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യനും നിര്യാണത്തിൽ അനുശോചിച്ചു.

*********************************************************

## ബി ജെ പി സംസ്ഥാന പ്രസിഡൻറ്

ബി ജെ പിയുടെ പുതിയ സംസ്ഥാന അധ്യക്ഷനായി രാജീവ് ചന്ദ്രശേഖറെ തിരഞ്ഞെടുത്തു. ഇന്ന് രാവിലെ തിരുവനന്തപുരത്ത് ചേർന്ന കോർ കമ്മിറ്റി യോഗത്തിലാണ് സംസ്ഥാന അധ്യക്ഷനെ തിരഞ്ഞെടുത്തത്. കെ സുരേന്ദ്രന്റെ പിൻഗാമിയായാണ് രാജീവ് ചന്ദ്രശേഖർ ബി ജെ പി സംസ്ഥാന അധ്യക്ഷനാകുന്നത്. നാളെ രാവിലെ 11 മണിക്ക് ഔദ്യോഗിക പ്രഖ്യാപനം ഉണ്ടാകും. രണ്ടാം നരേന്ദ്രമോദി സർക്കാരിൽ കേന്ദ്ര സഹമന്ത്രിയായിരുന്ന ശ്രീ രാജീവ് ചന്ദ്രശേഖർ കർണാടകയിൽ നിന്ന് മൂന്ന് തവണ രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്.

RNU TVPM

*********************************************************

## ഇടുക്കി-കാപ്പി (ഇൻട്രോ)

ഇടുക്കിയിലെ ഹൈറേഞ്ചിൽ ഇത് കാപ്പി, പൂക്കുന്ന കാലം. തണുത്ത കാറ്റിൽ ഒഴുകിയെത്തുന്ന കാപ്പിപ്പൂമണത്തോടൊപ്പമാണ് ഹൈറേഞ്ചിലെ രാവുകൾ ഇപ്പോൾ പുലരുന്നത്. കാപ്പി പൂക്കുന്നത് വർഷത്തിൽ ഒരിക്കലാണ് എന്നതും ശ്രദ്ധേയം. ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്....

**(വോയ്സ്)**

*********************************************************

## മലയിൻകീഴ് ആറാട്ട്

തിരുവനന്തപുരം മലയിൻകീഴ് ശ്രീകൃഷ്ണ ക്ഷേത്രത്തിലെ ലക്ഷദീപം ഇന്ന്. വൈകിട്ട് 6.15 ന് ലക്ഷദീപം തെളിയിക്കും. ആറാട്ടിനോടനുബന്ധിച്ച് മലയിൻകീഴ്, വിളവൂർക്കൽ, മാറനല്ലൂർ, വിളപ്പിൽ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ സർക്കാർ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മറ്റന്നാൾ പ്രാദേശിക അവധിയായിരിക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

*********************************************************************

## ജലവിതരണം മുടങ്ങും

തിരുവനന്തപുരം നഗരത്തിൽ ഏപ്രിൽ രണ്ടു മുതൽ നാലുവരെ ജലവിതരണം മുടങ്ങും. വിവിധ സാങ്കേതിക പ്രവൃത്തികളുമായി ബന്ധപ്പെട്ട് അരുവിക്കരയിലെ ജലശുദ്ധീകരണശാലയുടെ പ്രവർത്തനം പൂർണമായും നിർത്തിവയ്ക്കേണ്ടിവരുന്നതിനാലാണ് ജലവിതരണം തടസപ്പെടുന്നത്.

*********************************************************************

RNU TVPM

## വിജ്ഞാനദീപം സ്കോളർഷിപ്പ്

കാഴ്ച പരിമിതരുടെ കൂട്ടായ്മയായ വിജ്ഞാനദീപം ഓഡിയോ ലൈബ്രറി, സ്കൂൾ വിദ്യാർത്ഥികൾക്ക് നൽകുന്ന ലിറ്റിൽ സ്കോളർഷിപ്പ് പദ്ധതിക്കായി അപേക്ഷ ക്ഷണിച്ചു. അഞ്ചാം ക്ലാസ് മുതൽ ഹയർസെക്കൻഡറി തലം വരെയുള്ള പഠനത്തിൽ മികവ് പുലർത്തുന്നതും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതുമായ കാഴ്ചപരിമിതരായ വിദ്യാർഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. ഈ മാസം 28 ആണ് അവസാന തീയതി. അമേരിക്കൻ മലയാളി വനിത കൂട്ടായ്മയുമായി ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്.

*

*******************

************************************************